**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **19-01-2021 - ൽ മറുപടിയ്ക്ക്**

**പൊതു ശുചിമുറികളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri A. C. Moideen**<br>**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | പൊതു ശുചിമുറികളുടെ അഭാവംമൂലം സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ദേശീയ - സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന എത്ര പൊതു ശുചിമുറികൾ നിർമ്മിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; ഇതിനായി എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി "ടേക്ക് എ ബ്രേക്ക്" എന്ന പേരിൽ ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ High Quality Toilet - കൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് Take a Break Toilet Complex കൾ. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ 2 എണ്ണവും നഗരസഭകളിൽ 4 എണ്ണവും കോർപ്പറേഷനുകളിൽ 6 എണ്ണവും വീതം ടോയ്‌ലെറ്റ് കോംപ്ലക്സുകൾ നിർമ്മിക്കേണ്ടതാണ്. ഇങ്ങനെ സംസ്ഥാനത്ത് 2345 ടോയ്‌ലെറ്റുകൾ നിർമ്മിക്കുവാനാണ് പദ്ധതിയിട്ടുന്നത്. ഇതിൽ 1222 ടോയ്‌ലെറ്റ് കോപ്ലക്സുകളുടെ പ്രോജക്ടുകൾ ടെൻഡർ ചെയ്ത് 140 പ്രോജക്ടുകൾ പ്രവൃത്തി തുടങ്ങി. 45 പ്രോജക്ടുകൾ പൂർത്തിയാക്കി. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കുടുംബശ്രീ മുഖേന തദ്ദേശ സ്ഥാപനങ്ങൾ നിർവഹിക്കുന്നു. 2021 മാർച്ച് 31 - നകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യം വെക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി "ടേക്ക് എ ബ്രേക്ക്" എന്ന പേരിൽ ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ High Quality Toilet - കൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണ് Take a Break Toilet Complex കൾ. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ 2 എണ്ണവും നഗരസഭകളിൽ 4 എണ്ണവും കോർപ്പറേഷനുകളിൽ 6 എണ്ണവും വീതം ടോയ്‌ലെറ്റ് കോംപ്ലക്സുകൾ നിർമ്മിക്കേണ്ടതാണ്. ഇങ്ങനെ സംസ്ഥാനത്ത് 2345 ടോയ്‌ലെറ്റുകൾ നിർമ്മിക്കുവാനാണ് പദ്ധതിയിട്ടുന്നത്. ഇതിൽ 1222 ടോയ്‌ലെറ്റ് കോപ്ലക്സുകളുടെ പ്രോജക്ടുകൾ ടെൻഡർ ചെയ്ത് 140 പ്രോജക്ടുകൾ പ്രവൃത്തി തുടങ്ങി. 45 പ്രോജക്ടുകൾ പൂർത്തിയാക്കി. പൂർത്തീകരിച്ച പ്രവൃത്തികളുടെ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കുടുംബശ്രീ |

| | | | |
|---|---|---|---|
| | | | മുഖേന തദ്ദേശ സ്ഥാപനങ്ങൾ നിർവഹിക്കുന്നു. 2021 മാർച്ച് 31 - നകം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യം വെക്കുന്നത്. |
| (സി) | ഈ പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനും സഹകരണ സ്ഥാപനങ്ങളുമായി സഹകരിക്കുന്നത് കൂടുതൽ സഹായകരമാകുമെന്ന വിലയിരുത്തൽ സർക്കാരനുണ്ടോ; എങ്കിൽ ആയതിനായി പ്രത്യേക നിർദ്ദേശം നൽകുമോ? | (സി) | ഉണ്ട്. ഈ പദ്ധതിക്കായി സ്ഥലം വിട്ടു നൽകുവാൻ തയ്യാറുള്ള സഹകരണ സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നതിനാണ് സർക്കാർ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുള്ളത്. പബ്ലിക്ക് പ്രൈവറ്റ് - പാർട്ണർഷിപ്പ് രീതിയിൽ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ചും കോ-ഓപ്പറേറ്റീവ് സ്ഥാപന ഫണ്ട് ഉപയോഗിച്ചും "ടേക്ക് എ ബ്രേക്ക്" പദ്ധതി ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ